# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 452 — 27.02.2018- ൽ മറുപടിക്ക്

## ചെറുകിടവ്യവസായ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗ് ആധാർ മുഖേന പാറശ്ശാല മണ്ഡലത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ മുഖേന പാറശ്ശാല മണ്ഡലത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br>1) പാറശ്ശാല പഞ്ചായത്ത് - 101<br>2) വെള്ളറട - 25<br>3) കൊല്ലയിൽ - 17<br>4) പെരുങ്കടവിള - 13<br>5) അമ്പൂരി - 21<br>6) കുന്നത്തുകാൽ - 22<br>7) ഒറ്റശേഖരമംഗലം - 15<br>8) കള്ളിക്കാട് - 10<br>9) ആര്യങ്കോട് - 12<br>ആകെ - 236 എണ്ണം |
| (ബി) | ചെറുകിടവ്യവസായ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലെപ്മെന്റ് ആക്ട് (എം.എസ്.എം.ഇ.ഡി ആക്ട്) 2006 പ്രകാരം ഇ.എം. പാർട്ട് 1-ഉം പാർട്ട് 2-ഉം ആണ് വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷനായി 2016 സെപ്റ്റംബർ വരെ നിലവിലുണ്ടായിരുന്ന സംവിധാനം. എന്നാൽ കേന്ദ്ര ഗവൺമെൻറ് ഇപ്പോൾ ചെറുകിട വ്യവസായ സംരംഭങ്ങളുടെ രജിസ്ട്രേഷന് ഉദ്യോഗ് ആധാർ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. പ്രവർത്തനം ആരംഭിച്ച യൂണിറ്റുകളുടെ സംരംഭകർ സ്വന്തം നിലയിൽ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതും അക്നോളഡ്ജ്മെൻറ് ലഭിക്കുന്നതും. ഇത് നിയമപരമായി നിർബന്ധമാക്കിയിട്ടില്ല. |
| (സി) | ചെറുകിടവ്യവസായ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള | (സി) | ചെറുകിട വ്യവസായ പദ്ധതികളുടെ പ്രോത്സാഹനത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | | **1. ഇ.ഡി.ക്ലബ്ബ്**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.<br>**2. ഇൻകുബേഷൻ സെൻററുകൾ**<br>പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ പ്രവർത്തിക്കുന്നു.<br>**3. ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**<br>ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**4. ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി**<br>5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം 'വൈറ്റ്' വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.<br>**5. ആഷ സ്കീം**<br>കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റൻറ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് സ്കീം (ആഷ) 20.08.2016 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സ്ഥിരം ആസ്തിയിന്മേലുള്ള ആകെ മുതൽ മുടക്കിന്റെ 40% തുക പരമാവധി 2 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട സംരംഭകർ, വനിതാ സംരംഭകർ, 18 നും 25 നും ഇടയ്ക്ക് പ്രായമുള്ള യുവ |

| | | | |
|---|---|---|---|
| | | | സംരംഭകർ എന്നിവർ ആരംഭിച്ച കരകൗശല സംരംഭങ്ങൾക്ക് ഇത് 50% എന്ന തോതിൽ പരമാവധി 3 ലക്ഷം രൂപയാണ്.<br>**6. മറ്റു പദ്ധതികൾ**<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. സംരംഭകത്വ സഹായ പദ്ധതി പ്രകാരം പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 10 % സബ് സിഡിയും ഡി എ /ഡി പി കളിൽ പരിസ്ഥിതി സൗഹാർദ്ദ സംരംഭങ്ങൾക്ക് 5% ഏരിയയും പ്രത്യേകമായി അനുവദിക്കുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**